**പോലീസ്** **വകുപ്പ്**

**കേരളം**

**No.S2-60204/2019/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,

തിരുവനന്തപുരം

phq.pol@kerala.gov.in

04712721547

തീയതി. 04-06-2019

**സർക്കുലർ No.09/2019**

വിഷയം : കേരള പോലീസ് വകുപ്പ് - വനിതാദിനത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ ചുമതല നിർവഹിക്കുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഉയർത്തിക്കാട്ടുന്നതിനുമുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്-

**01.**സമൂഹത്തിന്റെ സമഗ്രവികസനത്തിനു സ്ത്രീശാക്തീകരണം അനിവാര്യമാണ്. സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ നേട്ടങ്ങൾ ഉയർത്തിപ്പിടിക്കുക, സ്ത്രീകൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയും പോരാട്ടങ്ങളെയുംകുറിച്ചുള്ള അവബോധം സൃഷ്ടിക്കുക, സ്ത്രീകൾക്കു ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ചും ആദരവിനെക്കുറിച്ചും ബോധവൽക്കരണം നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഓരോ വനിതാദിനവും ആഘോഷിക്കപ്പെടുന്നത്.

**02.**സ്ത്രീകൾക്കെതിരായ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുകയെന്നത് നിയമനിർവഹണസംവിധാനങ്ങൾക്ക് മുഖ്യ വെല്ലുവിളിയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള വിവിധങ്ങളായ കുറ്റകൃത്യങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോലീസ് സേനയെ കൂടുതൽ സ്ത്രീസൗഹൃദമാക്കേണ്ടതുണ്ട്. സ്ത്രീകൾക്ക് ഭയവും മടിയും കൂടാതെ പോലീസ് സ്റ്റേഷനുകളെ സമീപിച്ച് സ്വതന്ത്രമായി പരാതി അറിയിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വനിതാ പോലീസിന്റെ സാന്നിധ്യം അനിവാര്യമാണ്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ നിർണായകമായ പങ്കുവഹിക്കുന്നു.

**03.**വനിതാദിനത്തിൽ വനിതകളുടെ സേവനം ഉയർത്തിക്കാട്ടുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രധാനചുമതലകൾ നൽകിവരുന്നു. പ്രസ്തുത ദിവസം പരമാവധി സ്റ്റേഷനുകളിൽ വനിതാ എസ്.ഐ / സി.ഐമാർ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ ചുമതല വഹിക്കുന്നത് മാതൃകാ പരമായ ഒരു കാര്യമാണ്.

**04.**ഈ സാഹചര്യത്തിൽ, **എല്ലാ വനിതാദിനത്തിലും (മാർച്ച് 8 ) പരമാവധി സ്റ്റേഷനുകളിൽ വനിതാ എസ്.ഐ / സി.ഐമാർ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ ചുമതല നിർവഹിക്കുന്നതിനുള്ള നടപടികൾ എല്ലാ ജില്ലാ പോലീസ് മേധാവിമാരും കൃത്യമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ, പരമാവധി സ്റ്റേഷനുകളിൽ വനിതാ ഉദ്യോഗസ്ഥർ സുപ്രധാന ചുമതലകൾ നിർവഹിക്കുന്നതിനുള്ള കർശനനിർദേശം ജില്ലാ പോലീസ് മേധാവിമാരും നൽകേണ്ടതുമാണ്. ഇതിനു പുറമെ പ്രസ്തുത ദിനത്തിൽ സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലനക്ലാസ്സുകൾ, വർക്ക്ഷോപ്പുകൾ എന്നിവ നടത്തുന്നത് ഈ ദിനത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിനു സഹായകരമാകും. എല്ലാ ജില്ലകളിലും സ്ത്രീ ശാക്തീകരണവും അനുബന്ധ വിഷയങ്ങളെയും കുറിച്ചുള്ള ചർച്ചകൾ, സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.**

**05.**വനിതാദിനാഘോഷത്തിന്റെ ഭാഗമായി, സ്തുത്യർഹമായ സേവനം നൽകിയ വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് (ജില്ലകളിലെയും സ്പെഷ്യൽ യൂണിറ്റുകളിലെയും) പൊതുജനഅംഗീകാരത്തോടുകൂടി ഔദ്യോഗിക ബഹുമതികൾ നൽകുന്നതിനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്. വനിതാദിനത്തോടനുബന്ധിച്ച് കേരളാപോലീസ് സംഘടിപ്പിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ പൊതുജനശ്രദ്ധയിൽകൊണ്ടുവരുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവിമാരും ശ്രദ്ധിക്കേണ്ടതാണ്.

**06.**ഇനിമുതൽ ഈ സർക്കുലറിനെ ഒരു സ്റ്റാണ്ടിംഗ് ഓർഡർ ആയി കരുതി, മേൽ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ പോലീസ് മേധാവിമാരും കൃത്യമായി നടപ്പിലാക്കേണ്ടതാണ്.

ലോക് നാഥ് ബെഹ്റ ഐപിഎസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ്: എല്ലാ ജില്ലാ പോലീസ് മേധാവിമാരുടെയും അറിവിലേക്കും അനന്തരനടപടിക്കുമായി.

പകർപ്പ് :
1. സോണൽ എ.ഡി.ജി.പിമാരുടെയും റേഞ്ച് ഐ.ജിമാരുടെയും അറിവിലേക്കായി.
2. പി.എച്ച്.ക്യുവിലെ എല്ലാ സ്റ്റാഫ് ഓഫീസർമാരുടെയും പോലീസ് ഇൻഫർമേഷൻ സെന്റർ ഡെപ്യൂട്ടി ഡയറക്ടറുടെയും അറിവിലേക്കായി.
3. പി.എച്ച്.ക്യുവിലെ മാനേജർ, എസ്.എഫ്.ഓ, എ.ഓ, സീനിയർ സൂപ്രണ്ടുമാർ, ജൂനിയർ സൂപ്രണ്ടുമാർ എന്നിവർക്കും എല്ലാ സെക്ഷനുകൾക്കും അറിവിലേക്കായി.
4. എസ്.പി.സിയുടെ സി.എ.
5. സർക്കുലർ രജിസ്റ്റർ / പോലീസ് വെബ്സൈറ്റ് / ഡി സ്പെയ്സ്.

S2-60204/2019/PHQ e7813d